## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **21.03.2012-ൽ മറുപടിക്ക്**

**ചോദ്യം നം.1635**

### കേരള കാർഷികസർവ്വകലാശാലയിലെ ഫാം തൊഴിലാളി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കേരള കാർഷികസർവ്വകലാശാലയിലെ ഫാം തൊഴിലാളികൾക്ക് ക്ലാസ് ഫോർ തസ്തികയിലേയ്ക്ക് പ്രമോഷൻ നൽകുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | എ) കേരള കാർഷികസർവ്വകലാശാലയുടെ 09/11/2009 ലെ ജിഎ/ബി2/19884/09 ാം നമ്പർ സർക്കുലർ പ്രകാരം തസ്തിക മാറ്റം വഴി ക്ലാസ് IV തസ്തികയിലേക്ക് അപേക്ഷിച്ച നിശ്ചിത യോഗ്യരായ സ്ഥിരം തൊഴിലാളികളുടേയും, പ്ലാന്റേഷൻ തൊഴിലാളി കളുടേയും അഭിമുഖം നടത്തി പ്രത്യേകം പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് 2012 ഏപ്രിൽ മാസത്തോടെ നിയമന പ്രക്രിയകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) വെള്ളാനിക്കര-മണ്ണുത്തി ഫാമുകളിലെ തൊഴിലാളികളുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) വെള്ളാനിക്കര-മണ്ണുത്തി ഫാമുകളിലെ തൊഴിലാളികളുടെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുന്നതാണ്. |
| സി) കേരള കാർഷികസർവ്വകലാശാല പ്ലാന്റേഷൻ തൊഴിലാളികളെ സ്ഥിരം തൊഴിലാളികൾ ആയി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; | സി) പ്ലാന്റേഷൻ തൊഴിലാളികൾ ഇപ്പോൾ പ്ലാന്റേഷൻ ആക്ടിന്റെ പരിധിയിലാണ്. ഇവരെ സർവ്വകലാശാല, തൊഴിലാളികളാക്കണമെന്ന ആവശ്യം പരിഗണിച്ച്, സർവ്വകലാശാല എസ്റ്റേറ്റിനെ പ്ലാന്റേഷൻ ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| ഡി) കേരള കാർഷികസർവ്വകലാശാലയിലെ ഹെഡ്ക്വാർട്ടേഴ്സിൽ ജോലി നോക്കുന്ന കാഷ്വൽ തൊഴിലാളികളുടെയും, ഓടക്കാലിയിൽ ജോലിചെയ്യുന്ന കാഷ്വൽ തൊഴിലാളികളുടെയും സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ നടപടി കൈക്കൊള്ളുമോ ? | ഡി) നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**